©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2023 ജൂൺ 02** 02nd June 2023 **1198 ഇടവം 19** 19th Idavam 1198 **1945 ജ്യേഷ്ഠം 12** 12th Jyaishta 1945 | **നമ്പർ** No. | **1846** |

### **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ**

### വിജ്ഞാപനം

E7/E14/E16/145043/13/Vol III 02/06/2023

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36 -ാം വകുപ്പിന്റെ (4) -ാം ഉപവകുപ്പ് പ്രകാരം കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള ഫാറം-IVനോട്ടീസ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)

സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം-IV

## തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36 -ാം വകുപ്പിന്റെ (4) -ാം ഉപവകുപ്പ് പ്രകാരം കരട് തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോട്ടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിഷ്കരണങ്ങളോടുകൂടി സ്വീകരിച്ചത്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ഔദ്യോഗിക വെബ് സൈറ്റായ https://tmc.lsgkerala.gov.in/en/home ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 36 -ാം വകുപ്പിന്റെ (4) -ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു. (

വടക്ക് : **വെമ്പായം, പോത്തൻകോട്, അണ്ടൂർക്കോണം, കരകുളം ഗ്രാമപഞ്ചായത്തുകൾ**

കിഴക്ക് : **വിളപ്പിൽ, വിളവൂർക്കൽ, അരുവിക്കര, പള്ളിച്ചൽ ഗ്രാമപഞ്ചായത്തുകൾ**

തെക്ക് : **കല്ലിയൂർ, വെങ്ങാനൂർ, കോട്ടുകാൽ ഗ്രാമപഞ്ചായത്തുകൾ, ലക്ഷദ്വീപ് കടൽ**

പടിഞ്ഞാറ് : **കഠിനംകുളം ഗ്രാമപഞ്ചായത്ത്, ലക്ഷദ്വീപ് കടൽ**

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

**(എ) അംഗീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ**

1. കോവളം വിഴിഞ്ഞം ഡെവലപ്മെന്റ് ഏരിയയിൽ ഉൾപ്പെട്ട വെള്ളാർ സബ് സെന്റർ
2. പാളയം ഏരിയ
3. ഈസ്റ്റ് ഫോർട്ട് – പഴവങ്ങാടി ഏരിയ
4. ചാല ഏരിയ
5. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ജംഗ്ഷൻ മുതൽ ആര്യശാല ജംഗ്ഷൻ വരെയുള്ള റോഡ്.
6. സ്പെൻസർ ജംഗ്ഷൻ മുതൽ പവർ ഹൗസ് റോഡ് ജംഗ്ഷൻ വരെയുള്ള എം ജി റോഡ്
7. പേരൂർക്കട ഏരിയ
8. കേശവദാസപുരം ഏരിയ
9. മ്യൂസിയം – കവടിയാർ അവന്യൂ
10. പാപ്പനംകോട് ഏരിയ
11. തമ്പാനൂർ ഏരിയ
12. പ്ലാമൂട് ഏരിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(ബി) പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ**

1. ഫോർട്ട് ഏരിയ
2. മൾട്ടി സ്റ്റോറീട് ഓഫീസ് കോംപ്ലക്സിനു ചുറ്റുമുള്ള പ്രദേശങ്ങൾ
3. പട്ടം ഏരിയ
4. പവർ ഹൗസ് റോഡ്
5. മരുതംകുഴി ജംഗ്ഷൻ മുതൽ കിള്ളിപ്പാലം ജംഗ്ഷൻ വരെയുള്ള കൊച്ചാർ റോഡ്
6. എൻ എച് ബൈപ്പാസ് ആന്റ് എൻവയോൺസ്, ആക്കുളം മുതൽ തിരുവല്ലം വരെ (5 സ്കീമുകൾ)
7. കവടിയാർ ഏരിയ
8. പുന്നൻ റോഡ്
9. വെള്ളയമ്പലം ജംഗ്ഷൻ മുതൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ജംഗ്ഷൻ വരെയുള്ള റോഡ്.

(2016–ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016–ലെ 9) ന്റെ 62 (3) വകുപ്പ് പ്രകാരം, അംഗീകരിച്ച മാസ്റ്റർപ്ലാൻ നിലവിലുള്ളതിനാൽ പ്രസ്തുത മാസ്റ്റർപ്ലാൻ പരിധിക്കുള്ളിലെ പ്രസിദ്ധീകരിക്കപ്പെട്ട വിശദനഗരാസൂത്രണ പദ്ധതികൾ പ്രാബല്യത്തിലുണ്ടാവുകയില്ല)

**(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദനഗരാസൂത്രണ പദ്ധതികൾ**

സർക്കാർ അംഗീകരിച്ച വിശദനഗരാസൂത്രണപദ്ധതികൾ എല്ലാം തന്നെ അവയുടെ പ്ലാനിംഗ് കാലയളവ് പൂർത്തീകരിച്ചതിനാലും, നിലവിലെ നാഗരിക സ്ഥലപര വികസനത്തിന്റെ സ്വഭാവത്തിന് അനുസൃതമായാണ് ഭാവിയിലേക്ക് ആസൂത്രണം നടത്തേണ്ടത് എന്നതിനാലും, നഗരസഭപ്രദേശത്തു നിലനിൽക്കുന്നതും താഴെ നൽകിയിരിക്കുന്നതുമായ അംഗീകൃത വിശദനഗരാസൂത്രണപദ്ധതികൾ, മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്നു.

1. കോവളം വിഴിഞ്ഞം ഡെവലപ്മെന്റ് ഏരിയയിൽ ഉൾപ്പെട്ട വെള്ളാർ സബ് സെന്റർ
2. പാളയം ഏരിയ
3. ഈസ്റ്റ് ഫോർട്ട് – പഴവങ്ങാടി ഏരിയ
4. ചാല ഏരിയ
5. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ജംഗ്ഷൻ മുതൽ ആര്യശാല ജംഗ്ഷൻ വരെയുള്ള റോഡ്.
6. സ്പെൻസർ ജംഗ്ഷൻ മുതൽ പവർ ഹൗസ് റോഡ് ജംഗ്ഷൻ വരെയുള്ള എം ജി റോഡ്
7. പേരൂർക്കട ഏരിയ
8. കേശവദാസപുരം ഏരിയ
9. മ്യൂസിയം – കവടിയാർ അവന്യൂ
10. പാപ്പനംകോട് ഏരിയ
11. തമ്പാനൂർ ഏരിയ
12. പ്ലാമൂട് ഏരിയ

**(ഡി) നിലനിർത്തുന്ന വിശദനഗരാസൂത്രണ പദ്ധതികൾ**

ഈ മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മേൽ വിവരിച്ചിരിക്കുന്ന വിശദനഗരാസൂത്രണപദ്ധതികൾ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്റ്റ് (2016–ലെ 9) 36(12), 61 എന്നീ വകുപ്പുകൾ പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(ഒപ്പ്)

സെക്രട്ടറി

(ഒപ്പ്)

മേയർ

സ്ഥലം : തിരുവനന്തപുരം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.06.03 09:47:06 +05:30